ത്രിതല പഞ്ചായത്തുകൾക്ക് കേരളോൽസവം നടത്തുന്നതിന് ധനസഹായം

60 [148] *ശ്രീ. യു. സി. രാമൻ:*
„ *സി. ടി. അഹമ്മദ് അലി:*
„ *വി. കെ. ഇബ്രാഹിം കുഞ്ഞ്:*
„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളോൽസവം നടത്താൻ ത്രിതല പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുകവീതമാണ് നൽകിയത്; നേരിട്ട് സർക്കാർ സഹായം നൽകിയിട്ടില്ലെങ്കിൽ കേരളോൽസവ നടത്തിപ്പിന് ധനസമാഹരണത്തിന് എന്തു മാർഗ്ഗമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ നിർദ്ദേശമുണ്ടായിട്ടും കേരളോൽസവം നടത്താത്ത ഗ്രാമ പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്താമോ;

(ഇ) ഇത്തരം ഗ്രാമപഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(എഫ്) മുൻകാലങ്ങളിൽ കേരളോൽസവം നടത്താത്ത ഗ്രാമ പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടായിരുന്നോ;

(ജി) അത്തരം പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജന ക്ഷേമബോർഡിൽനിന്നും ധനസഹായം നൽകുന്നുണ്ട്.

(സി) കേരളോൽസവം 2004-ന്റെ നടത്തിപ്പിന് യുവജനക്ഷേമ ബോർഡിൽ നിന്ന് ഗ്രാമപഞ്ചായത്തുകൾക്ക് 6000 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10,000 രൂപയും ഗ്രാന്റ് നൽകിയിട്ടുണ്ട്. കൂടാതെ, 30-9-2004-ലെ സ. ഉ. (സാധാ) 3457/04 തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തിലെ കേരളോൽസവത്തിന് 3500 രൂപവീതവും ബ്ലോക്ക് തല മത്സരങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽനിന്ന് സംഭാവനയായി 500 രൂപയും ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) — (ജി) പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly